# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 927

14.06.2012-ലെ
മറുപടിക്ക്.

**അൺ എയ്ഡഡ് സ്കൂളുകളിൽ ദുർബല വിഭാഗങ്ങൾക്ക് സംവരണം നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ 25 ശതമാനം ദുർബല വിഭാഗങ്ങൾക്കുളള സംവരണം കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും<br>വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 12(1) (സി) പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും കൂടി ചേർന്ന് കുറഞ്ഞത് 25%മെങ്കിലും സംവരണം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 12 (2) പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ ഇപ്രകാരം പ്രവേശിപ്പിച്ചിട്ടുള്ള 25% കുട്ടികൾക്ക് ഗവൺമെന്റിൽ നിന്നും നിശ്ചയിച്ചിട്ടുളള ചെലവു തുകയോ (per-child expenditure) പ്രസ്തുത സ്കൂളിലെ ഫീസ് നിരക്കോ ഏതാണോ കുറവ് ആ തുക നൽകേണ്ടതാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 12.04.2012-ലെ WP (C)95/2010- ലെ വിധിന്യായപ്രകാരം അൺ-എയ്ഡഡ് മൈനോറിട്ടി; നോൺ-മൈനോറിട്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ സംരക്ഷണ നിയമത്തിലെ സെക്ഷൻ 12 (1) (സി) വകുപ്പ് നിർബന്ധപൂർവ്വം നടപ്പിലാക്കാൻ കഴിയുകയില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി സർക്കാർ ഫണ്ട് അൺഎയിഡഡ് സ്ഥാപനങ്ങൾക്ക് അനുവദിക്കുമോ; | |

| | | | |
|---|---|---|---|
| (സി) | പൊതുവിദ്യാലയങ്ങൾ ധാരാളമുള്ള കേരളത്തിൽ ഈ രീതി സമീപത്തുള്ള പൊതുവിദ്യാലയങ്ങളെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : | ബാധകമല്ല |
| (ഡി) | ഇതിനു പകരമായി ഇത്തരം ഫണ്ടുകൾ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനായി ഉപയോഗിക്കുമോ; വിശദമാക്കാമോ? | : | ബാധകമല്ല |

സെക്ഷൻ ഓഫീസർ